പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2693 28-10-2026-ൽ മറുപടിയ്ക്ക്

ജൽ ജീവൻ മിഷൻ പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീമതി ഒ. എസ്. അംബിക

മറുപടി നൽകിയ മന്ത്രി

ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) ജൽ ജീവൻ മിഷൻ പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

മറുപടി: എല്ലാ ഗ്രാമീണ വീടുകളിലും ടാപ്പിലൂടെ ശുദ്ധജലം ലഭ്യമാക്കുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽ ജീവൻ മിഷൻ (JJM).

സംസ്ഥാനത്ത് 2020-ൽ ജൽ ജീവൻ മിഷൻ ആരംഭിക്കുമ്പോൾ 17.50 ലക്ഷം വീടുകളിൽ (25.06%) മാത്രമാണ് കുടിവെള്ള കണക്ഷൻ ഉണ്ടായിരുന്നത്. 54.45 ലക്ഷം കണക്ഷനുകൾ നൽകുന്നതിനായി വാട്ടർ അതോറിറ്റിക്ക് ₹44,714.79 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതിൽ 21.60 ലക്ഷം കണക്ഷനുകൾ ഇതിനകം നൽകിയിട്ടുണ്ട്. നിലവിൽ സംസ്ഥാനത്തെ ആകെ 70.08 ലക്ഷം ഗ്രാമീണ വീടുകളിൽ 39.08 ലക്ഷം വീടുകൾക്ക് (55.8%) കുടിവെള്ള കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്.

പദ്ധതി ആരംഭിച്ചപ്പോൾ സംസ്ഥാനത്ത് ആലപ്പുഴ, എറണാകുളം, തിരുവനന്തപുരം, തൃശ്ശൂർ എന്നീ 4 ജില്ലകളിൽ മാത്രമാണ് 25%-ത്തിലധികം കുടിവെള്ള കണക്ഷൻ കവറേജ് ഉണ്ടായിരുന്നത്. നിലവിൽ കൊല്ലം, തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, പാലക്കാട്, കണ്ണൂർ, തൃശ്ശൂർ എന്നീ 7 ജില്ലകളിൽ 50%-ത്തിലധികവും പത്തനംതിട്ട, കോട്ടയം, മലപ്പുറം, ഇടുക്കി, കോഴിക്കോട്, വയനാട്, കാസർഗോഡ് എന്നീ 7 ജില്ലകളിൽ 25%–50% വരെയും കവറേജ് കൈവരിച്ചിട്ടുണ്ട്.

പദ്ധതി ആരംഭിക്കുമ്പോൾ ഒരു പഞ്ചായത്തിലും 100% കവറേജ് ഉണ്ടായിരുന്നില്ല. നിലവിൽ 130 പഞ്ചായത്തുകൾ 100% കവറേജും 529 പഞ്ചായത്തുകൾ 50%-ത്തിലധികം കവറേജും കൈവരിച്ചിട്ടുണ്ട്. ധർമ്മടം, കല്ല്യാശ്ശേരി, കണ്ണൂർ, ബേപ്പൂർ,

വൈപ്പിൻ, എറണാകുളം, കൊച്ചി, അരൂർ, വൈക്കം എന്നീ 9 നിയമസഭാ മണ്ഡലങ്ങളിലും 100% കവറേജ് കൈവരിച്ചിട്ടുണ്ട്.

ജലനിധി (KRWSA) മുഖേന ഗ്രാമീണ മേഖലയിൽ ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി 1,08,276 FHTC-കൾ നൽകുന്നതിന് പ്രവൃത്തികൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ 22.10.2026 വരെ 31,847 FHTC-കളും 7,581 HTC-കളും നൽകിയിട്ടുണ്ട്. കൂടാതെ, ഗുണഭോക്തൃ സമിതികൾ നേരിട്ട് 5,629 കണക്ഷനുകളും നൽകിയിട്ടുണ്ട്. 2028 മാർച്ചോടെ ശേഷിക്കുന്ന കണക്ഷനുകൾ കൂടി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ജൽ ജീവൻ മിഷൻ പദ്ധതിക്ക് കേന്ദ്ര വിഹിതമായി ഇതുവരെ എത്ര തുക ലഭിച്ചു; 2026 മെയ് വരെ സംസ്ഥാന വിഹിതമായി എത്ര തുക അനുവദിച്ചിട്ടുണ്ട്; വിശദമാക്കാമോ;

മറുപടി: കേന്ദ്ര -സംസ്ഥാന വിഹിതം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.

(സി) പദ്ധതിക്കായി വായ്പ എടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

മറുപടി: തിരിച്ചടവ് ബാധ്യതകൾ നിറവേറ്റുന്നതിൽ കുറവുണ്ടായാൽ സർക്കാർ പലിശരഹിത ബ്രിഡ്ജ് വായ്പ അനുവദിക്കുമെന്ന വ്യവസ്ഥയിൽ, ജൽ ജീവൻ മിഷന്റെ സംസ്ഥാന വിഹിതം കണ്ടെത്തുന്നതിനായി NABARD-ൽ നിന്ന് ₹9,000 കോടി വായ്പയെടുക്കാൻ കേരള വാട്ടർ അതോറിറ്റിക്ക് സർക്കാർ തത്വത്തിൽ അനുമതി നൽകിയിരുന്നു. ഇതനുസരിച്ച് 04.11.2025-ലെ അനുമതിപ്രകാരം ₹5,000 കോടിയും 26.03.2026-ലെ അനുമതിപ്രകാരം അനുവദിച്ച അധിക വായ്പയായ ₹4,000 കോടിയിൽ ആദ്യ ഗഡുവായ ₹2,000 കോടിയും ഉൾപ്പെടെ ആകെ ₹7,000 കോടി വായ്പ ലഭിക്കുകയും പൂർണമായി വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

മിഷൻ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും സൃഷ്ടിച്ച ആസ്തികൾ വേഗത്തിൽ പ്രയോജനപ്പെടുത്തുന്നതിനുമായി, പുരോഗമിക്കുന്നതും ഇതുവരെ ആരംഭിക്കാത്തതുമായ ശേഷിക്കുന്ന പ്രവൃത്തികൾ നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമത്തിൽ ക്രമീകരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ ചുവടെ ചേർക്കും പ്രകാരം സ്വീകരിച്ചുവരുന്നു.

- നിലവിൽ പൂർത്തിയാക്കിയ പ്രവർത്തികളിൽ നിന്ന് പരമാവധി കണക്ഷൻ നൽകുക.

• പ്രധാന ഉൽപ്പാദന ഘടകങ്ങൾ പൂർത്തിയാക്കി എല്ലാ HTC-കളും പ്രവർത്തനക്ഷമമാക്കുക.

• പരമാവധി FHTC നൽകാനും പരമാവധി വരുമാനം സൃഷ്ടിക്കാനും കഴിയുന്ന പ്രവൃത്തികൾക്ക് മുൻഗണന നൽകുക.

• ഫീൽഡിലെ അവസ്ഥയും, ഫണ്ടിന്റെ ലഭ്യതയും അനുസരിച്ച് മുൻഗണനാ നിലകൾ പരിഷ്കരിച്ച് പ്രവർത്തികൾ പൂർത്തീകരിച്ച് പദ്ധതി ലക്ഷ്യത്തിലെത്തിക്കുക.

സെക്ഷൻ ഓഫീസർ

അനുബന്ധം ഒന്ന്

(Amount in ₹ crore)

Year	Central Share	State Share	Total Funds Received	Total Expenditure (Central and State Shares)
2019-20	101.29	101.29	202.58	125.96
2020-21	303.18	303.18	606.36	621.90
2021-22	1353.4	1353.4	2706.88	2017.01
2022-23	2206.5	1616.3	3822.83	3483.61
2023-24	671.18	1207.2	1878.33	2913.96
2024-25	974.67	1451.9	2426.60	2481.15
2025-26	0	3000	3000	2995.51
2026-27	0	4000	4000	4001.89
Total	**5610.3**	**13033.29**	**18643.59**	**18640.62**